നമ്പർ 1155230/25 31/07/2025

പ്രേഷകൻ
സെക്രട്ടറി
താന്ന്യം ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്
ബഹു.ജോയിന്റ് ഡയറക്ടര്
തദ്ദേശ സ്വയംഭരണ വകുപ്പ്
തൃശ്ശൂർ

വിഷയം - പരാതി പരിഹാരം-ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദാലത്ത് മുമ്പാകെ സമർപ്പിച്ച പരാതി
സൂചന- PMAY ഭവനപദ്ധതിയില് ഉൾപ്പെട്ട ഭവനനിർമ്മാണത്തിന് പെർമിറ്റ് ലഭിക്കുന്നതു സംബന്ധിച്ച്

സർ,

സൂചന പ്രകാരം, ശ്രീ. റഹ്മത്തുള്ള, കല്ലേരി വീട്, പി.ഒ.പൂത്തോൾ എന്നവർക്ക്, PMAY ഭവനപദ്ധതിയിൽ ഉൾപ്പെട്ട നിർമ്മാണത്തിന് പാസ്സായിട്ടുള്ളതിനാൽ പെർമിറ്റ് ലഭിക്കുന്ന ആവശ്യത്തിനായി ഈ ഓഫീസിൽ 17/02/2025 തീയതിയില് SC3/826/25 ഫയൽ പ്രകാരം, അപേക്ഷ സമർപ്പിച്ചിരുന്നു.താന്ന്യം വില്ലേജിലെ 26/35 റിസർവ്വേ നമ്പറിലുള്ള ( പഴയ സർവ്വേ നമ്പര് 640) 0.0202 ഹെക്ടറില് നിർമ്മിക്കുന്ന 36.35 ച.മി വാസഗൃഹത്തിന് അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ ഉള്ളടക്കം ചെയ്തിട്ടുള്ള വില്ലേജ് രേഖകൾ പ്രകാരം, ടി ഭൂമി ഡാറ്റാബാങ്കിൽ ഉൾപ്പെട്ട WET LAND ആണ്.( DATA BANK PAGE ENCLOSED) കേരള നെൽവയല് തണ്ണീർത്തട സംരക്ഷണ നിയമം -ഉത്തരവുകളും സർക്കുലറുകളും - പ്രകാരം, ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമിയില് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെ തരം മാറ്റല് ഉത്തരവ് ആവശ്യമാണ്.( തദ്ദേശസ്വയംഭരണവകുപ്പ് (ആർ .എ)) വകുപ്പ് നം..994733/ആർ.എ)1/2016/തസ്വഭവ തിരു.22-2-16) ശ്രീ.റഹ്മത്തുള്ള, കല്ലേരി എന്നവർ PMAY ഭവനപദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവ് ആണെങ്കിലും മേൽ ഉത്തരവ് പ്രകാരം ടി പ്ലോട്ട് ഡാറ്റാബാങ്കില് ഉൾപ്പെട്ടതിനാല് റവന്യൂ ഡിവിഷണൽ ഓഫീസറുടെ തരംമാറ്റൽ ഉത്തരവ് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് ഈ ഓഫീസിൽ നിന്ന് കത്ത് നൽകിയിട്ടുള്ളതാണ്.(LETTER COPY ENCLOSED). RDO ക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും കൃഷി ഓഫീസർ അനുകൂലമായ റിപ്പോർട്ട് കൊടുക്കാത്തതിനാൽ, തരംമാറ്റല് ഉത്തരവ് ലഭിച്ചില്ല. ശ്രീ. റഹ്മത്തുള്ള , കല്ലേരി എന്നവർ ഇതിനിടയില് മരണപ്പെട്ടതിനാല് ടിയാന്റെ ഭാര്യ അബ്സാബി.വി.ഐ എന്നവർ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.എം.ബി.രാജേഷ് അവർകൾക്ക് ഇതു സംബന്ധിച്ച് നൽകിയ പരാതി , ടി വിഷയത്തിൽ റിപ്പോർട്ട് നൽകുന്നതിന് ഈ ഓഫീസിലേക്ക് കൈമാറി നൽകിയിരിക്കുന്നതിനാല് , 29/04/25 തീയതിയിൽ താന്ന്യം കൃഷി

ഓഫീസർക്ക് ടി വിഷയത്തില് വിശദമായ റിപ്പോർട്ടിനായി കത്തു നല്കുകയും.(LETTER COPY ENCLOSED) പരാതി അപേക്ഷ 30/04/2025 തീയതിയിലെ പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്യുകയും ചെയ്തു. . പരാതിക്കാരിയുടെ അപേക്ഷ എൽ എൽ എം സി യിൽ പുനപരിശോധിക്കുന്നതിന് കൃഷിഓഫീസർക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചു.( തീരുമാനം നമ്പർ 30/04/2025 തീയതിയിലെ തീരുമാനം നമ്പർ -8).( RESOLUTION ENCLOSED)

ആയതു പ്രകാരം കൃഷി ഓഫീസറെ വിവരം നേരില് ധരിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ തുടർനടപടി ആയിട്ടില്ല എന്നു അപേക്ഷകൻ സൂചിപ്പിച്ചതിനാല് ടി വിഷയത്തില് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് 26/06/2025 തീയതിയില് കത്തു നൽകിയിട്ടുള്ളതുമാണ്. .(LETTER COPY ENCLOSED) LLMC യിലേക്ക് ഇതു സംബന്ധിച്ച അപേക്ഷ പുനസ്സമർപ്പിക്കുന്നതിന് 08/05/2025 തീയതിയില് ശ്രീമതി. അസ്മാബി , കല്ലേരി എന്നവർക്കും കത്ത് നൽകിയിട്ടുള്ളതാണ്. (.(LETTER COPY ENCLOSED) മേല് വിഷയം സംബന്ധിച്ച പരാതിയിന്മേല് ടി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ് എന്ന വിവരം സമർപ്പിക്കുന്നു.

സെക്രട്ടറി

താന്ന്യം ഗ്രാമപഞ്ചായത്ത്

SUNITHA K.V.
SECRETARY
THANNIYAM GRAMA PANCHAYATH
PERINGOTTUKARA ... THRISSUR DT.